തമിഴ്നാട്ടുകേസുകളും വെടിവയ്പും.

*258. [10] ശ്രീ. തോപ്പി മൊയ്തീൻകുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തമിഴ്നാട്ടുവെടിവയ്പുസംഭവത്തോടനുബന്ധിച്ച് ഗവണ്മെന്റ് എടുത്തിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കുവാനും മുഴുവൻ തടവുകാരെയും മോചിപ്പിക്കുവാനും ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

1954 ആഗസ്റ്റുമാസത്തിൽ തമിഴ്നാട്ടുവെടിവയ്പുസംബന്ധിച്ചുണ്ടായിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. തോപ്പി മൊയ്തീൻകുഞ്ഞ് : എന്തടിസ്ഥാനത്തിലാണ് പിൻവലിക്കുന്നത് ?

മി. സ്പീക്കർ : ഈ ചോദ്യത്തിനു് ഇതിനു മുൻപു പലപ്പോഴും ഉത്തരം നൽകിയിട്ടുള്ളതാണ്.

രണ്ടാം പഞ്ചവത്സരപദ്ധതി.

*259. [11] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തിരുവിതാംകൂർ-കൊച്ചിയിൽനിന്നു് എന്തെല്ലാം പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട് ;

(ബി) ഇവയ്ക്കു് മൊത്തം എന്തു ചെലവു കണക്കാക്കിയിട്ടുണ്ട് ;

(സി) ഈ പദ്ധതികൾ അവിഷ്കരിച്ചതു് എന്തടിസ്ഥാനത്തിലാണ്. ബഹുജനസംഘടനകളുമായി ചർച്ചചെയ്തു രൂപീകരിച്ചവയാണോ ഈ പദ്ധതികൾ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) :

(എ) രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നമ്മുടെ സ്റ്റേറ്റിൽനിന്നു നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ ഒരു ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(ബി) ഈ പദ്ധതികൾക്കു മൊത്തം നൂറിനു മുപ്പത്തിരണ്ടിൽ ചിലപ്പോൾ കോടിരൂപയുടെ ചെലവുവരും.

(സി) ഡിപ്പാർട്ട്മെന്റു മേലദ്ധ്യക്ഷന്മാരുടെയും, ഡിസ്ട്രിക്റ്റു ഡവലപ്മെന്റു കമ്മിറ്റികളുടെയും, പൊതുജനങ്ങളുടെയും, പ്ലാനിംഗ് അഡ്വൈസറി ബോർഡിന്റെയും നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കേന്ദ്രഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികളും അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : ഇല്ല.

* Please See Appendix III.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എന്തെല്ലാം പദ്ധതികൾ അവസാനമായി തീരുമാനിച്ചിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുഴുവൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പഞ്ചവത്സരപദ്ധതിയുടെ അവസാന തീരുമാനം ആയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ പദ്ധതി ആരംഭിക്കുന്നതു അടുത്ത ഏപ്രിൽ ഒന്നാം തീയതിയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : സംസ്ഥാനത്തെ വ്യാവസായിക മാന്ദ്യത്തിനും, അസംസ്കൃതസാധനങ്ങളുടെ വിലയിടിവിനും പരിഹാരമായി എന്തെങ്കിലും പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള ഫലങ്ങളും ഇതിൽ നിന്നും ഉണ്ടാകും.

ശ്രീ. പി. നാരായണൻ പോറ്റി : പഞ്ചവത്സരപദ്ധതിയുടെ ഡ്രാഫ്റ്റ് പദ്ധതികൾ ഞങ്ങൾക്കു എന്നത്തേക്കു കിട്ടും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിയുന്നതും വേഗം തരാൻ ശ്രമിക്കാം.

ശ്രീ. പ്രാക്കുളം ഭാസി : സ്റ്റേറ്റ് ഗവണ്മെൻറിന്റെ 131 കോടിയുടെ പദ്ധതിയിൽ എത്ര രൂപയ്ക്കു് അനുവാദം കിട്ടി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിലുള്ള പലയിനങ്ങളിലും ഇനിയും തീരുമാനമുണ്ടാകാതെ കിടക്കുന്നുണ്ടു്. 130 കോടിയിൽ, എൺപതിനും തൊണ്ണൂറിനും മദ്ധ്യേ കോടി രൂപാ അനുവദിച്ചു കിട്ടുമെന്നാണു പ്രതീക്ഷ.

ശ്രീ. പ്രാക്കുളം ഭാസി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മണിക്കൂർ നേരം വാദിച്ചതിന്റെ ഫലമായിട്ടാണു് മുഴുവൻ രൂപാ അനുവദിച്ചുകിട്ടിയതെന്നു പത്രങ്ങളിൽ കാണുന്നു. രണ്ടുമൂന്നു മന്ത്രിമാർ പ്രസംഗിച്ചിരുന്നെങ്കിൽ 130 കോടിയും അനുവദിക്കുമായിരുന്നല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൂടുതൽ തുക അനുവദിക്കുന്നതിനുവേണ്ടി ശ്രമിക്കാം.

ശ്രീ. കെ. എം. ജാർജ്ജ് : ഈ സ്റ്റേറ്റിൽനിന്നും സമർപ്പിച്ച ഡ്രാഫ്റ്റാണു പ്ലാനിംഗ് കമ്മിഷന്റെ അഭിനന്ദനത്തിനു പാത്രമായതെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പത്രങ്ങളിൽ കാണുകയുണ്ടായി.

ശ്രീ. കെ. എം. ജാർജ്ജ് : അതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശരിയാണെന്നാണു് എന്റെ അഭിപ്രായം. പക്ഷേ, ബാക്കിയുള്ളവരാണല്ലൊ അതു തീരുമാനിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാഘവക്കുറുപ്പ് : രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കിയപ്പോൾ അംഗീകരിക്കേണ്ട തത്വങ്ങൾ എല്ലാം ദീക്ഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്ലാനിംഗ് കമ്മിഷൻ ചില തത്വങ്ങൾ എല്ലാം ദീക്ഷിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ തത്വങ്ങൾ എന്തെല്ലാമാണ്?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: തത്വങ്ങളല്ല, അവ തത്വസംഹിത തന്നെയാണ്. അതു ചോദ്യോത്തരവേളയിൽ പറയാവുന്നതല്ല.

ശ്രീ. എ. താണുപിള്ള : 80, 90 കോടി രൂപാ നമുക്കു കിട്ടുമെന്നു പറഞ്ഞു. ഇതിൽ എത്ര കോടി രൂപാ സെൻട്രൽ ഗവണ്മെന്റിൽ നിന്നും നൽകും, എത്ര നമ്മുടെ സ്റ്റേറ്റിൽനിന്നും എടുക്കണം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ അതു വിവരിക്കാം. ഈ സംസ്ഥാനത്തിന്റെ Financial Resources എത്രയാണെന്നുനോക്കി, രണ്ടാം പഞ്ചവത്സരപദ്ധതിയിൽ അഞ്ചുകൊല്ലങ്ങൾക്കുള്ളിൽ ഇപ്പോഴുള്ള Non-development Expenses കഴിച്ചു മുപ്പതുകോടി രൂപാ ഫിനാൻസു സോർപ്ലസുണ്ടാകുമെന്നു ഈ ഗവണ്മെന്റു കണക്കാക്കുകയും അതു കാര്യം പ്ലാനിംഗ് കമ്മിഷനും, ഇൻഡ്യാഗവണ്മെന്റും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എൺപതുകോടി രൂപയുടെ പ്ലാനാണുള്ളതെങ്കിൽ, രണ്ടാം പഞ്ചവത്സരപദ്ധതിയിൽ അൻപതുകോടി രൂപ ഇൻഡ്യാഗവണ്മെന്റിൽനിന്നും നമുക്കു കിട്ടും.

ശ്രീ. എ. താണുപിള്ള : ഈ തുക തിരിച്ചുകൊടുക്കേണ്ടതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു കണ്ടുതന്നെ അറിയണം.

ശ്രീ. എ. താണുപിള്ള : എത്രകോടിരൂപ നാം ചെലവാക്കണം, എത്രരൂപാ നമുക്കു കിട്ടും എന്നാണു എനിക്കറിയേണ്ടതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു വ്യക്തമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : ഏകദേശമെങ്കിലും ഒരു കണക്കു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. വി. അവിരാത്തരകൻ: എന്തു ബേസിസ്സിലാണു സെൻട്രൽ ഗവണ്മെന്റു പണം തരുന്നതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗ്രാന്റായിട്ടും, ലോണായിട്ടും.

ശ്രീ. പി. വി അവിരാത്തരകൻ : ഈ സ്റ്റേറ്റിന്റെ വീതം എടുക്കുന്നതു ഏതടിസ്ഥാനത്തിലാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടാമത്തെ പഞ്ചവത്സരപദ്ധതി, പ്രധാനമായി രണ്ടടിസ്ഥാനത്തിലാണു സ്വീകരിച്ചിട്ടുള്ളതു. ഒന്നു, പഴയ പ്ലാനിന്റെ സൈസുനോക്കി, അതിന്റെ നാലുശതമാനം കൂടി ഈ പ്ലാനിനോടു കൂട്ടുക. അതനുസരിച്ചു നമ്മുടെ രണ്ടാമത്തെ പ്ലാൻ

LIBRARY ARCHIVES Kerala Legislative Assembly

50 കോടി രൂപ ആയിരിക്കണം. മറ്റൊന്ന്, ഇന്ത്യാഗവണ്മെന്റ, ആകെ ജനസംഖ്യയുടെ എത്ര ശതമാനംവീതം ഓരോ സ്റ്റേറ്റിലുണ്ടെന്നു നോക്കുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ ഇൻഡ്യയിൽ ആകെയുള്ള ജനസംഖ്യയുടെ നാല്പതിലൊന്നാണ നമ്മുടെ ജനസംഖ്യ. അതനുസരിച്ചാണെങ്കിൽ നമുക്കു 56 കോടി രൂപ കിട്ടണം.

ശ്രീ. ടി കെ. ദിവാകരൻ : പുതിയ കേരളാ സ്റ്റേറ്റിന്റെ അടിസ്ഥാനത്തിൽ, രണ്ടാം പഞ്ചവത്സരപദ്ധതിയെപ്പറ്റി ഒരു പുനരാലോചന നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പുനരാലോചന നടത്തേണ്ട ആവശ്യമില്ല. കൂടുതൽ ചെലവു വേണ്ടിവരും.

ശ്രീ. ടി. കെ. ദിവാകരൻ : 80-നും, 90-നും മദ്ധ്യേ ആയി തുക കുറയുവാൻ ഇടയുണ്ടെന്നു പറഞ്ഞു. തുക കുറയ്ക്കുന്നതു സെൻട്രൽ ഗവണ്മെന്റാണോ, പ്ലാനിംഗ് കമ്മിഷനാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചില പദ്ധതികൾ അംഗീകരിക്കാതെ വന്നിട്ടുണ്ട്. ചില പദ്ധതികൾക്കു സംഖ്യ കൂടിയിട്ടുണ്ട്. ചിലതിനു കുറച്ചിട്ടുമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അവസാന തീരുമാനം ചെയ്യുന്നതിനുള്ള അധികാരം ആർക്കാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പ്ലാനിംഗ് കമ്മിഷനാണ്. പ്ലാനുകളെപ്പറ്റി ഡിസ്കസ്സുചെയ്തതിനുശേഷമാണു തീരുമാനിക്കുന്നതു്.

ശ്രീ. എം. വി. ചെറിയൻ : സെൻട്രൽ ഗവണ്മെന്റിൽനിന്നും നേരിട്ടനടത്തുന്ന വല്ല പദ്ധതികളും നമ്മുടെ സ്റ്റേറ്റിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതാനും, തൊണ്ണൂറോ കോടിരൂപയുടെ ഒരു സൈസായിരിക്കും നമ്മുടെ പ്ലാൻ എന്നു പറഞ്ഞതു് സ്റ്റേറ്റഗവണ്മെന്റു നടത്തുന്ന സെക്ടറർ സംബന്ധിച്ചാണ്. അതിനും പുറമേ സെൻട്രൽഗവണ്മെന്റിന്റേതായി പല പ്രവർത്തനങ്ങളും പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നമ്മുടെ സ്റ്റേറ്റിലും ഉണ്ടാകും. വളരെ പ്രാധാന്യമായ പ്രവർത്തനങ്ങൾ നമ്മുടെ സ്റ്റേറ്റിൽ നടത്തുമെന്നു് പ്ലാനിംഗ് കമ്മിഷൻ രേഖപ്പെടുത്തീട്ടുണ്ട്.

ശ്രീ. എം. വി. ചെറിയൻ : ഏതെങ്കിലും വൻകിടപദ്ധതികൾ ഈ ഗവണ്മെന്റു് സെൻട്രൽഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. ഇടുക്കി ഇലക്ട്രിക്കൽപദ്ധതി സെൻട്രലുഗവണ്മെന്റു നേരിട്ടു നടത്തണമെന്നു് നിവേദനം നടത്തിയിട്ടുണ്ട്. അതു് കായ്മായ ആലോചനയിലിരിക്കയാണ്.

ശ്രീ. പി. വി. അവിരാത്തരകൻ : കഴിഞ്ഞ പഞ്ചവത്സരപദ്ധതി പ്രകാരം അനുവദിച്ചിരുന്ന തുകയിൽ ഇരുപത്തൊന്നുകോടി രൂപ മാത്രമെ ചെലവു ചെയ്തിട്ടുള്ളു എന്നുകണ്ടു് അതുകൂടി തുകയെ നമുക്കു് ആവശ്യമുള്ളു എന്ന കരുതിയിട്ടാണ് ഇപ്പോൾ തുക കുറച്ചതെന്നു പറയുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഇരുപത്തൊന്നുകോടി രൂപയെ ചെലവുള്ളൂ എന്നു പറയുന്നതു ശരിയല്ല ; നമ്മുടെ പ്ലാൻ അനുസരിച്ചു് ചെലവുചെയ്യാൻ ആവശ്യമുള്ളതുക അനുവദിക്കാതിരുന്നു എന്നു പറയുന്നതു ശരിയല്ല ; രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തുക കുറച്ചു എന്നു പറയുന്നതും ശരിയല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ആദ്യത്തെ പഞ്ചവത്സരപദ്ധതി പ്രകാരം അനുവദിച്ച പണം മുഴുവൻ ചെലവാക്കിയിട്ടില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ സംഖ്യ മുഴുവൻ ചെലവുചെയ്യേണ്ട സമയം കഴിഞ്ഞിട്ടില്ല.

ശ്രീ. പി. നാരായണൻ പോറ്റി : ഈ സ്റ്റേറിന്റെ ഇന്നത്തെ ഫിനാൻസു റിസോഴ്സസു് മുപ്പതുകോടി രൂപയാണെന്നുള്ള കാൽക്കുലേഷൻ എന്തടിസ്ഥാനത്തിലാണു് ? ഒന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനഫലമായിട്ടാണോ ? രണ്ടാം പഞ്ചവത്സരപദ്ധതിയുടെ വീതാംശം അനുസരിച്ചാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലും, നമ്മുടെ സാമ്പത്തികമായ സ്ഥിതിയെപരിഗണിച്ചും ആണു രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സ്റ്റേറു റിസോഴ്സസു് മുപ്പതുകോടി രൂപയെന്നു കണക്കാക്കിയിരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ആർഡിനറി റവന്യുവരവിനങ്ങളല്ലാതെ, മറേറതെങ്കിലും ഈ പദ്ധതിയോടനുബന്ധിച്ചു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലതെല്ലാം ആലോചിച്ചിട്ടുണ്ടു്. നാൺടാക്സു റവന്യു നമ്മുടെരാജ്യത്തു കൂടുതലുണ്ടാക്കുന്നതിനുവേണ്ടി ഇൻഷ്വറൻസു ഡിപ്പാർട്ടുമെൻറു് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അതിനുംപുറമെ ഒരു എക്സ്പോർട്ടു കാർപ്പറേഷൻ വേണമെന്നും, ആ കാർപ്പറേഷൻ ആയിരിക്കണം നമ്മുടെ രാജ്യത്തെ കശുമുളകു മുതലായ മലഞ്ചരക്കുകൾ വിദേശരാജ്യങ്ങളിലേക്കു് കച്ചവടം ചെയ്യേണ്ടതെന്നുമുള്ള ഒരു ശയം ഇന്ത്യാഗവണ്മെൻറിന്റെ മുമ്പിൽ വയ്ക്കുകയുംചെയ്തിട്ടുണ്ടു്. അതേപ്പററി ആലോചന നടത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : മിനറൽസു് വ്യവസായം സ്വകാര്യ ഉടമകളിൽനിന്നും ഏറെറടുത്തു് ഈ കാർപ്പറേഷന്റെ കീഴിലാക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. സി. എബ്രഹാം : ആൻറി സി എറോഷൻ സംബന്ധിച്ച വക്കു്, ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിലേക്കുവേണ്ടി മൂന്നുകോടി രൂപ കൊള്ളിച്ചുകയും, ആ സംഖ്യ പ്ലാനിംഗു് കമ്മിഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. ഈ മൂന്നുകോടി രൂപയും ഇൻഡ്യാഗവണ്മെൻറു് നേരിട്ടു ചെലവു ചെയ്യേണ്ടതാണെന്നു ഈ രാജ്യത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ അഭിപ്രായം ആലോചനയിലിരിക്കുകയാണ്.

ലേബർ മാന്വൽ.

* 260. [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു ബാധകമായ എല്ലാ ലേബർ നിയമങ്ങളേയും റൂളുകളേയും നോട്ടിഫിക്കേഷനുകളേയും ക്രോഡീകരിച്ചുകൊണ്ട് ഒരു ലേബർ മാന്വൽ പ്രസിദ്ധീകരിക്കണമെന്ന ആവശ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എന്തു നടപടികളെടുത്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നമ്മുടെ സംസ്ഥാനത്തിനു ബാധകമായ എല്ലാ ലേബർ നിയമങ്ങളേയും റൂളുകളേയും നോട്ടിഫിക്കേഷനുകളേയും ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ലേബർ മാന്വൽ പ്രസിദ്ധീകരിക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിലേക്ക് വേണ്ട നടപടികളെടുക്കുവാൻ ഗവണ്മെൻറുത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇവിടെയുള്ള ലേബർ നിയമങ്ങളും മറ്റു പല നിയമങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കാം എന്ന മുഖ്യമന്ത്രി ഒരു വാഗ്ദാനം ചെയ്തിട്ടുള്ളതു് ഇതേവരെ നിറവേറ്റിയിട്ടില്ലാ എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം. വാഗ്ദാനം നിറവേറ്റാനുള്ള സമയം ഇനിയും കഴിഞ്ഞിട്ടില്ല.

Pay Commission

* 261. *[14] SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(*a*) whether the work of the Pay Commission has been completed;

(*b*) if so, what are its recommendations;

(*c*) if not, what are the reasons for the delay; and

(*d*) the time the Commission will take to complete its work?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) The work of the Pay Commission has been completed.

* As the member was absent, the Question was put by Shri Prakkulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly